Edit with WPS Office

# ഉദയനാപുരം കുടുംബശ്രീ കൊറോണ പ്രവർത്തനങ്ങൾ

കോവിഡ് 19 പശ്ചാത്തലത്തിൽ ലോകം മുഴുവൻ ജാഗ്രതയിൽ നിൽക്കുമ്പോഴും ലക്ഷക്കണക്കിന് പേർ ലോകമെമ്പാടും നിരീക്ഷണത്തിൽ നിൽക്കുമ്പോളും ഉദയനാപുരം പഞ്ചായത്തിലെ കൊറോണ പ്രവർത്തനങ്ങൾ ഫലവത്തായ രീതിയിൽ ഏകോപിപ്പിക്കാൻ കുടുംബശ്രീ സംഘടനാ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട് .കുടുംബശ്രീ ഇടപെട്ടു നടപ്പാക്കിയ കൊറോണ പ്രവർത്തനങ്ങൾ താഴെ പറയുന്നവ ആണ്

1 .ബോധവല്കരണം

മാരകമായ ശ്വാസകോശ രോഗമായ കൊറോണ എന്ന അസുഖത്തെ പറ്റിയും പ്രതിരോധ മാർഗങ്ങളെ പറ്റിയും പഞ്ചായത്തിലെ ജനങ്ങളെ ബോധവൽക്കരിക്കൽ ആയിരുന്നു അതിലെ ആദ്യപ്രവർത്തനം .പ്രസ്തുത പ്രവർത്തനത്തിനായി ഹെൽത്ത് ഡിപ്പാർട്മെന്റു വഴി നൽകിയ ബോധവൽക്കരണ നോട്ടീസ് സി.ഡി.സ് .വഴി എ .ഡി .സ് ലേക്കും തുടർന്ന്

അയൽക്കൂട്ടങ്ങൾക്കും എത്തിച്ചു .അതിലൂടെ പഞ്ചായത്തിലെ 17 വാർഡ് കളിലും പ്രസ്തുത കർത്തവ്യം വളരെ ഭംഗിയായി നടപ്പിലാക്കാൻ നമ്മുടെ കുടുംബശ്രീ പ്രെസ്ഥാനത്തിനു സാധിച്ചു.

2 .പ്രതിരോധ ഗുളികകൾ വിതരണം ചെയ്യൽ x

ഉദയനാപുരം പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ കുടുംബങ്ങൾക്കും ഹോമിയോ പ്രതിരോധ മരുന്നുകൾ എത്തിക്കാൻ വെറും 2 ദിവസം കൊണ്ട് സാധ്യമായതിൽ കുടുംബശ്രീ സംഘടന സംവിധാനം ഉപയോഗിക്കുവാൻ സാധിച്ചു

3. വിദേശത്തു നിന്നോ അന്യ സംസ്ഥാനങ്ങളിൽ നിന്നോ വന്നതുമായ വ്യക്തികളുടെ ഡേറ്റ ശേഖരണം

വിദേശത്തു നിന്നോ അന്യ സംസ്ഥാനങ്ങളിൽ നിന്നോ വന്നതുമായ വ്യക്തികളുടെ ഡേറ്റ ശേഖരിക്കാൻ ആരോഗ്യ വകുപ്പും പഞ്ചായത്തും സഹായം തേടിയത് കുടുംബശ്രീയോടാണ് .ഉദയനാപുരം പഞ്ചായത്തിൽ 17 വാർഡിലും താഴെ പറയുന്ന ഡേറ്റ കുടുംബശ്രീ ശേഖരിച്ചു

1 .പുതിയതായി വന്ന വ്യക്തി യുടെ പേരും വിലാസവും

2 . വ്യക്തി ഏതു സംസ്ഥാനത്തു / രാജ്യത്തു നിന്നാണ് വന്നു ചേർന്നത് ?

3 . വ്യക്തിക്ക് ആരോഗ്യ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടോ ?

Edit with WPS Office

4 .വ്യക്തി  ക്വാറൻടൈനി ലാണോ കഴിയുന്നത്?

5 .മറ്റുള്ളവരുമായി ക്വാറൻടൈൻ കാലയളവിൽ സമ്പർക്കത്തിൽ വന്നിട്ടുണ്ടോ?

ഇങ്ങനെ ഉള്ള വിവരങ്ങൾ അയൽക്കൂട്ടങ്ങളിൽ നിന്ന് എ .ഡി .സ് ലേക്കും തുടർന്ന് സി.ഡി.സ് .വഴി ആരോഗ്യ വകുപ്പിലേക്കും എത്തിക്കാൻ സാധിച്ചു .ഈ ഒരു പ്രവർത്തനം ആരോഗ്യ വകുപ്പിനും അത് പോലെ പഞ്ചായത്തിനും ഒരുപാട് പ്രയോജനം ചെയ്തു . മാത്രവുമല്ല ഉദയനാപുരം കുടുംബശ്രീ സംഘടനാ സംവിധാനം ഏറ്റെടുത്തു നടപ്പിലാക്കിയ  അഭിമാനപൂർവമായ  ഒരു പ്രവർത്തനമായി ഇത് മാറി. ഇപ്പോഴും ഈ ഡേറ്റ ശേഖരണം  നടന്നുകൊണ്ടിരിക്കുന്നു .ഭാവിയിലും ഈ പ്രവർത്തങ്ങൾ തുടർന്നു കൊണ്ടിരിക്കും .

<u>**4.**പച്ചക്കറി കിറ്റ്  വിതരണം</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കൊറോണ കാലത്തിൽ സൗജന്യ പച്ചക്കറി കിറ്റ് വിതരണം ചെയ്യാൻ നാട്ടിലെ സന്നദ്ധ സംഘടനകളും ചില വ്യക്തികളും മുന്നോട്ടു വന്നിരുന്നു.തദവസരത്തിൽ  പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 250 കുടുംബങ്ങളുടെ ലിസ്റ്റ്  അയൽക്കൂട്ടത്തിന്റെ സഹായത്തോടെ ADS ശേഖരിക്കുകയും  മേൽപ്പറഞ്ഞ ലിസ്റ്റ് CDS നു  കൈ മാറുകയും ചെയ്തു .ഈ ലിസ്റ്റ് പിന്നീട് സഹായ ഹസ്തവുമായി വന്ന സന്നദ്ധ സംഘടനകൾക്കും  കൈ മാറി.ഇങ്ങനെ  പ്രസ്തുത കുടുംബങ്ങൾക്ക് സഹായം നൽകുന്നതിൽ ഒരു ഭാഗം ആകാൻ ഉദയനാപുരം  കുടുംബശ്രീക്ക്  കഴിഞ്ഞു .

<u>**5.**മാസ്ക് വിതരണം ചെയ്യൽ</u>

ഉദയനാപുരം പഞ്ചായത്തിലെ ഓരോ വാർഡിലും മാസ്ക് വിതരണം ചെയ്യാൻ അതാതു വാർഡിലെ CDS  മെമ്പർമാരും ADS  മെമ്പർമാരും   മുൻകൈ എടുത്തു .അങ്ങനെ പഞ്ചായത്തു വഴി നൽകിയ സൗജന്യ മാസ്ക് വിതരണം 17 വാർഡിലും ഭംഗിയായി നടത്താൻ ഉദയനാപുരം കുടുംബശ്രീക്ക് കഴിഞ്ഞു .

പടർന്നു  പിടിച്ചു കൊണ്ടിരിക്കുന്ന കൊറോണ എന്ന മഹാമാരിക്കെതിരെ ഉള്ള കുടുംബശ്രീ പ്രവർത്തനങ്ങൾ ഇവിടെ അവസാനിക്കുന്നില്ല .ലോക്ക് ഡോൺ കാലത്തിൽ 144 DFK കുടുംബങ്ങളിൽ ഉള്ള വയോജനങ്ങളെ ഫോൺ വഴി ബന്ധപ്പെടുകയും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തിരുന്നു. 4 പേർക്ക് റേഷൻ വാങ്ങി കൊടുക്കുകയും  3പേർക്ക് മെഡിസിൻ എത്തിച്ചു കൊടുക്കുകയും ഒക്കെ ചെയ്തു.പഞ്ചായത്തിനോടും  ആരോഗ്യ വകുപ്പിനോടും ഒത്തൊരുമിച്ചു ഭാവി പ്രവർത്തനങ്ങൾ കുടുംബശ്രീ ഇതിനോടകം പ്ലാൻ ചെയ്തു കഴിഞ്ഞു. home quarantine സൗകര്യം ഇല്ലാത്തവർക്ക്  അത് ഒരുക്കിക്കൊടുക്കാൻ ഉള്ള  സഹായം ചെയ്യൽ ആണ് കുടുംബശ്രീക്ക്  മുൻപിലുള്ള മറ്റൊരു  പ്രവർത്തനം.ഇത് നടപ്പിലാക്കാൻ ഉള്ള പ്രവർത്തനത്തിൽ

Edit with WPS Office

ആണ് ഉദയനാപുരം കുടുംബശ്രീ ഇപ്പോൾ......

SUBMITTED BY

HARITHA BABU V. R

BC-DDU GKY and SD

Vaikom block